# 1970 -ലെ വിദേശ വിവാഹ ചട്ടങ്ങൾ †

**ജി. എസ്. ആർ. 1274.—** 1969 -ലെ വിദേശ വിവാഹ ആക്റ്റിന്റെ (1969 -ലെ 33) 28-ാം വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ഭാരത സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയം 1955 ജൂലൈ 29-ാം തീയതിയിലെ എസ്. ആർ. ഒ. 1679 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തോടൊപ്പമുള്ള 1955 -ലെ പ്രത്യേക വിവാഹ (നയതന്ത്ര, കോൺസുലർ ഉദ്യോഗസ്ഥന്മാർ) ചട്ടങ്ങളെ അതിലംഘിച്ചുകൊണ്ടും കേന്ദ്ര സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്,—

**1. ചുരുക്കപ്പേര്.—** ഈ ചട്ടങ്ങൾക്ക് 1970 -ലെ വിദേശവിവാഹ ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

**2. നിർവ്വചനങ്ങൾ.—** ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(എ) **"ആക്റ്റ്"** എന്നാൽ 1969 -ലെ വിദേശ വിവാഹ ആക്റ്റ് (1969-ലെ 33) എന്നർത്ഥമാകുന്നു;

(ബി) **"ഫാറം"** എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(സി) **"വിവാഹ ഉദ്യോഗസ്ഥൻ"** എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പിൻകീഴിൽ വിവാഹ ഉദ്യോഗസ്ഥനായിരിക്കുവാൻ നിയമിക്കപ്പെട്ട ആൾ എന്നർത്ഥമാകുന്നു;

(ഡി) **"വകുപ്പ്"** എന്നാൽ ആക്റ്റിന്റെ വകുപ്പ് എന്നർത്ഥമാകുന്നു.

**3. വിവാഹ ഉദ്യോഗസ്ഥന്റെ പേര് മുതലായ വിശദവിവരങ്ങൾ അദ്ദേഹത്തിന്റെ ഓഫീസ് കെട്ടിടത്തിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന്.—** ഏതൊരു വിവാഹ ഉദ്യോഗസ്ഥനും തന്റെ പേരും, ഉദ്യോഗപ്പേരും, ആഫീസ് പ്രവർത്തന സമയവും, ഇംഗ്ലീഷിലും ഹിന്ദിയിലും താൻ അപ്രകാരം പ്രവർത്തിക്കുന്ന രാജ്യത്തെയോ സ്ഥലത്തെയോ പ്രദേശത്തെയോ ഭാഷയിലും എഴുതിപ്പിക്കുകയും തന്റെ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ പ്രമുഖമായികാണാവുന്ന ഒരു സ്ഥാനത്ത് പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്.—** (1) ആക്റ്റിൻകീഴിൽ ഒരു വിവാഹം വിവാഹ ഉദ്യോഗസ്ഥനാലോ അദ്ദേഹത്തിന്റെ മുമ്പാകെയോ നടത്തപ്പെടുവാൻ ഉദ്ദേശിക്കുമ്പോൾ, ഉദ്ദിഷ്ടവിവാഹത്തിലെ കക്ഷികൾ അതിനെ സംബന്ധിച്ച ഒരു നോട്ടീസ് ആക്റ്റിന്റെ ഒന്നാം പട്ടികയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ള ഫാറത്തിൽ എഴുതി അങ്ങനെയുള്ള ഉദ്യോഗസ്ഥന് നേരിട്ടു നൽകുകയോ രജിസ്റ്റർ ചെയ്ത തപാൽ മുഖേന അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

(2) നോട്ടീസിനോടൊപ്പം താഴെപ്പറയുന്ന വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കേണ്ടതാണ്:—

† 19-08-1970 -ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ഗസറ്റിൽ ജി. എസ്. ആർ. 1274 പ്രകാരം പ്രസിദ്ധീകരിച്ചത്.

(സി)(i) അതതു സംഗതിപോലെ, വിവാഹത്തിലെ കക്ഷികളോ ഇൻഡ്യൻ കക്ഷിയോ ഏതു സംസ്ഥാനത്തിലോ സംസ്ഥാനങ്ങളിലോ പെടുന്നവരാണോ അവിടെയും,

(ii) ആ കക്ഷികൾ സാധാരണയായി അധിവസിക്കുന്ന രാജ്യത്തോ രാജ്യങ്ങളിലോ, പ്രചാരമുള്ള ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ട്;

നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്.

**8. ആക്ഷേപത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ നടപടിക്രമം.—** (1) ഉദ്ദിഷ്ട വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിനുള്ള എന്തെങ്കിലും ആക്ഷേപം (15 -ാം ചട്ടത്തിൽ അതിലേക്കായി നിർദ്ദേശിച്ചിട്ടുള്ള ഫീസു സഹിതം) വിവാഹ ഉദ്യോഗസ്ഥനു ലഭിക്കുന്ന പക്ഷം, ആ ആക്ഷേപത്തിന്റെ സ്വഭാവം അദ്ദേഹം വിവാഹ നോട്ടീസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള തീയതിയും സമയവും നിശ്ചയിക്കേണ്ടതും [അതിന്റെ നോട്ടീസ് ഫാറം I ൽ, ആക്ഷേപം ബോധിപ്പിച്ച ആൾക്കും ഉദ്ദിഷ്ട വിവാഹത്തിലെ കക്ഷികൾക്കും നേരിട്ടുനൽകിക്കുകയോ രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഡ്യൂ ആയി അയച്ചു കൊടുപ്പിക്കുകയോ ചെയ്യേണ്ടതുമാണ്.][1]

(2) അപ്രകാരം നിശ്ചയിച്ച തീയതിയിലോ അല്ലെങ്കിൽ അന്വേഷണം മാറ്റിവച്ച മറ്റേതെങ്കിലും തീയതിയിലോ വിവാഹ ഉദ്യോഗസ്ഥൻ ആ ആക്ഷേപത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തേണ്ടതും നല്കപ്പെട്ട തെളിവ്, 1908 -ലെ സിവിൽ നടപടി നിയമസംഹിത (1908 -ലെ 5) യിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിൽ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**[8എ. നേരിട്ടു നൽകുന്ന സംഗതിയിലെ അക്നോളഡ്ജ്മെന്റ്.—** 7 -ാം ചട്ടത്തിന്റെയോ 8 -ാം ചട്ടത്തിന്റെയോ കീഴിൽ ഒരു നോട്ടീസ് നേരിട്ടു നൽകുന്ന സംഗതിയിൽ, ആർക്കാണോ നോട്ടീസ് നൽകപ്പെട്ടത് അയാൾ ആ നോട്ടീസ് അങ്ങനെ നൽകപ്പെട്ടതിനുള്ള ഒരു അക്നോളഡ്ജ്മെന്റിൽ ഒപ്പുവെയ്ക്കേണ്ടതാണ്.][2]

**9. ചടങ്ങനുസരിച്ചു നടത്തുന്നതിനുള്ള സ്ഥലവും സമയവും.—** വിവാഹ ഉദ്യോഗസ്ഥന്, ഉദ്ദിഷ്ട വിവാഹം ഓഫീസ് പ്രവൃത്തി സമയത്തിനുള്ളിൽ ഏതു സമയത്തും അല്ലെങ്കിൽ തനിക്കു സൗകര്യമുള്ള ഏതു സമയത്തും,—

(എ) വിവാഹ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വസതിയിൽ വച്ചോ; അല്ലെങ്കിൽ

(ബി) വിവാഹ ഉദ്യോഗസ്ഥനെന്നുള്ള നിലയിലുള്ള പ്രവർത്തനം നടത്തുന്ന ഓഫീസിൽ വച്ചോ; അല്ലെങ്കിൽ

(സി) അപ്രകാരമുള്ള ഔദ്യോഗിക വസതിയിൽ നിന്നോ ഓഫീസിൽ നിന്നോ, വിവാഹ ഉദ്യോഗസ്ഥൻ തന്റെ വിവേചനശക്തി ഉപയോഗിച്ച് ന്യായമായതെന്ന് അംഗീകരിക്കുന്ന ദൂരത്തിനുള്ളിൽ വച്ചോ;

ചടങ്ങനുസരിച്ചു നടത്തിക്കൊടുക്കാവുന്നതാണ്:

എന്നാൽ (സി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സ്ഥലത്തുവച്ച് ഏതെങ്കിലും വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിന്, 15-ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരത്തിലുള്ള അധികഫീസു നൽകേണ്ടതാണ്.

---

1. 16-08-1972 -ലെ ജി. എസ്. ആർ. 1200 പ്രകാരം പകരം ചേർക്കപ്പെട്ടത്.
2. 16-08-1972 -ലെ ജി. എസ്. ആർ. 1200 പ്രകാരം ചേർക്കപ്പെട്ടത്.

**10. വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നരീതി.—** 17-ാം വകുപ്പിൻ കീഴിലുള്ള ഒരു വിവാഹത്തിന്റെ രജിസ്ട്രേഷൻ, വിവാഹ ഉദ്യോഗസ്ഥൻ, വിവാഹ സർട്ടിഫിക്കറ്റു ബുക്കിൽ ഫാറം II-ൽ ഉള്ള, ആ വിവാഹത്തിന്റെ ഒരു സർട്ടിഫിക്കറ്റു രേഖപ്പെടുത്തിക്കൊണ്ട്, നടത്തേണ്ടതാണ്.

**11. കേന്ദ്ര സർക്കാരിലേക്കുള്ള അപ്പീൽ.—** 11 -ാം വകുപ്പിന്റെ (3) -ാം ഉപവകുപ്പിന്റെയോ 17-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിന്റെയോകീഴിൽ കേന്ദ്രസർക്കാരിലേക്കുള്ള ഒരു അപ്പീൽ ഒരു മെമ്മോറാണ്ടത്തിന്റെ രൂപത്തിൽ ഉള്ളത് ആയിരിക്കേണ്ടതും അതിനോടൊപ്പം:—

(i) അതതുസംഗതിപോലെ, ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസിന്റെ അല്ലെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയുടെ; അല്ലെങ്കിൽ

(ii) അതതുസംഗതിപോലെ, ആ വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിനോ രജിസ്റ്റർ ചെയ്യുന്നതിനോ വിവാഹ ഉദ്യോഗസ്ഥൻ വിസമ്മതിച്ചതിന്റെ കാരണങ്ങളുടെ സ്റ്റേറ്റുമെന്റിന്റെ;

സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉണ്ടായിരിക്കേണ്ടതുമാകുന്നു.

**12. 24-ാം വകുപ്പിന്റെ ആവശ്യത്തിലേക്കുള്ള ഭാഷ.—** 24 -ാം വകുപ്പ് (1) -ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിന്റെ (ii) -ാം ഉപഖണ്ഡത്തിന്റെ ആവശ്യത്തിലേക്കുള്ള ഭാഷ ഇംഗ്ലീഷോ, ഹിന്ദിയോ, വിവാഹ ഉദ്യോഗസ്ഥൻ അംഗീകരിക്കുന്ന മറ്റേതെങ്കിലും ഭാഷയോ ആയിരിക്കേണ്ടതാണ്.

**13. വിവാഹ രേഖകളിലെ ഉൾക്കുറിപ്പുകൾ അയച്ചുകൊടുക്കൽ.—** വിവാഹ ഉദ്യോഗസ്ഥൻ, വിവാഹ സർട്ടിഫിക്കറ്റുബുക്കിൽ താൻ രേഖപ്പെടുത്തിയ ഉൾക്കുറിപ്പുകളുടെയും തിരുത്തലുകളുടെയും, ഫാറം III-ൽ ഉള്ള സാക്ഷ്യപ്പെടുത്തിയ മൂന്നുപകർപ്പുകൾ, മൂന്നുമാസ ഇടവേളകളിൽ, ഓരോ വർഷവും ജനുവരിയുടെയും ഏപ്രിലിന്റെയും ജൂലൈയുടെയും ഒക്ടോബറിന്റെയും ആദ്യദിവസമോ അല്ലെങ്കിൽ അതിനുശേഷം കഴിയുന്നത്ര നേരത്തെയോ ന്യൂഡൽഹിയിലെ ഭാരത സർക്കാരിന്റെ വിദേശ കാര്യ മന്ത്രാലയത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും അപ്രകാരമുള്ള ഒരു പകർപ്പ് പ്രസ്തുത സെക്രട്ടറി, രജിസ്ട്രാർ ജനറലിനോ അല്ലെങ്കിൽ വിവാഹത്തിലെ കക്ഷികൾ ഇൻഡ്യയിലെ ഏതു സംസ്ഥാനത്തിലോ സംസ്ഥാനങ്ങളിലോപെട്ടവർ ആണോ അവിടത്തെ ജനന, മരണ, വിവാഹരജിസ്ട്രാർ ജനറൽമാരിൽ ഓരോരുത്തർക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

**14. വിവാഹ സർട്ടിഫിക്കറ്റുബുക്കിന്റെ മാതൃക.—** (1) വിവാഹ സർട്ടിഫിക്കറ്റുബുക്ക് യന്ത്രം ഉപയോഗിച്ച് തുടർച്ചയായ ക്രമനമ്പരുകൾ ഇട്ടിട്ടുള്ളതും പേരിന്റെ അടിസ്ഥാനത്തിലുള്ള ഒരു സൂചിക സഹിതമുള്ളതുമായ ബൈന്റു ചെയ്ത വാല്യം ആയിരിക്കേണ്ടതാണ്, അതിൽ ഓരോ വർഷവും രേഖപ്പെടുത്തുന്ന ഓരോ വിവാഹത്തിനും തുടർച്ചയായുള്ള നമ്പരിടേണ്ടതും കക്ഷികൾക്കുനൽകുന്ന ആധികാരികമായ ഓരോ പകർപ്പിലും നമ്പരും ആ സർട്ടിഫിക്കറ്റു രേഖപ്പെടുത്തിയ തീയതിയും മാസവും വർഷവും ഉണ്ടായിരിക്കേണ്ടതുമാണ്.

(2) സംശയനിവാരണത്തിലേക്കായി, 1955 -ലെ പ്രത്യേക വിവാഹ (നയതന്ത്ര, കോൺസുലർ ഉദ്യോഗസ്ഥന്മാർ) ചട്ടങ്ങളിൻ കീഴിൽ സൂക്ഷിക്കുന്ന വിവാഹ സർട്ടിഫിക്കറ്റു ബുക്ക്, ആവശ്യമായ മാറ്റം വരുത്തലുകളോടെ, ഈ ചട്ടങ്ങളുടെയും ആക്റ്റിന്റെയും ആവശ്യങ്ങൾക്കു വേണ്ടിയുള്ള വിവാഹ സർട്ടിഫിക്കറ്റു ബുക്കായി തുടർന്നും ഉപയോഗിക്കാവുന്നതാണെന്ന് ഇതിനാൽ വ്യവസ്ഥ ചെയ്തുകൊള്ളുന്നു.

[15. ഫീസിന്റെ തോത്.— ഏതൊക്കെ സംഗതികളെ സംബന്ധിച്ച് ഫീസ് ചുമത്താവുന്നതാണെന്നുള്ളതും അതിലേക്കു നൽകേണ്ടതായിട്ടുള്ള ഫീസും താഴെപട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്:—

പട്ടിക

| ഏതൊക്കെ സംഗതികൾക്ക് ഫീസ് ചുമത്താമെന്ന് | ഫീസു തുക (രൂപയിൽ) |
|---|---|
| (1) | (2) |
| (i) ഉദ്ദിഷ്ടവിവാഹത്തിന്റെ ഓരോ നോട്ടീസിനും | 120.00 |
| (ii) നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന് | യഥാർത്ഥചാർജുകൾ |
| കുറിപ്പ്:- നോട്ടീസ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവിലേക്കായി അനുയോജ്യമായ ഒരു തുക മുൻകൂറായി വാങ്ങുന്നതാണ്. | |
| (iii) ഒരു ആക്ഷേപം സ്വീകരിക്കുകയോ പരിശോധിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നതിന് | 300.00 |
| (iv) വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിന് | 240.00 |
| (v) ചട്ടം 9 (സി) യിൽ പരാമർശിച്ചിട്ടുള്ള ഒരു സ്ഥലത്തുവച്ച് വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിന് | 90.00 |
| കുറിപ്പ്:- ഇത് മുകളിൽ ഇനം (iv) -ൽ പരാമർശിച്ചിരിക്കുന്നതിനു പുറമെ ആയിരിക്കുന്നതാണ് | |
| (vi) ഒരു കവിയറ്റിന്റെ നോട്ടീസ് സ്വീകരിക്കുന്നതിന് | 240.00 |
| (vii) നോട്ടീസ് നൽകുകയും പോസ്റ്റ് ചെയ്യുകയും ചെയ്തതിലേക്ക് വിവാഹ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റിന് | 45.00 |
| (viii) 11-ാം വകുപ്പിന്റെയോ 17-ാം വകുപ്പിന്റെയോ കീഴിൽ, അതതു സംഗതിപോലെ, വിവാഹം ചടങ്ങനുസരിച്ചു നടത്തുന്നതിനോ രജിസ്റ്റർ ചെയ്യുന്നതിനോ വിസമ്മതിച്ചതിന്റെ രേഖപ്പെടുത്തിയ കാരണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പിന് | 25.00 |
| (ix) ഉൾക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് — | |
| (എ) വിവാഹ നോട്ടീസുബുക്കിലെ | 25.00 |
| (ബി) വിവാഹ സർട്ടിഫിക്കറ്റുബുക്കിലെ | 25.00 |
| (x) 24-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു രേഖ സാക്ഷ്യപ്പെടുത്തുന്നതിന് | 10.00 |
| (xi) തിരച്ചിൽ നടത്തുന്നതിന് — | |
| (എ) ഉൾക്കുറിപ്പ് നടപ്പുവർഷത്തേതാണെങ്കിൽ | 25.00 |
| (ബി) ഉൾക്കുറിപ്പ് ഏതെങ്കിലും മുൻവർഷവുമായോ വർഷങ്ങളുമായോ ബന്ധപ്പെട്ടതാണെങ്കിൽ | 45.00][1] |

1. 01-11-1985 -ലെ ജി. എസ്. ആർ. 861(ഇ) പ്രകാരം പകരം ചേർക്കപ്പെട്ടത്.

## ഫാറം I

*[ചട്ടം 8 (1) നോക്കുക]*

## നോട്ടീസ്

.............................(സ്ഥലം) വിവാഹ ഉദ്യോഗസ്ഥൻ മുമ്പാകെ

1969 -ലെ വിദേശ വിവാഹ ആക്റ്റിന്റെയും (1969 -ലെ 39)

എ. ബി.
യും
സി. ഡി. (പേരുകളും മേൽവിലാസങ്ങളും നൽകുക)

തമ്മിലുള്ള ഉദ്ദിഷ്ട വിവാഹത്തിന്റെയും സംഗതിയിൽ

ഇ. എഫ്. ആക്ഷേപം നൽകുന്ന ആൾ

........................................................................................................................(കിട്ടേണ്ടയാൾ)

എ. ബി.യും സി. ഡി. യും തമ്മിലുള്ള ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ്........................... (സ്ഥലം) വിവാഹ ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ളതിനാലും;

പ്രസ്തുത വിവാഹം ചടങ്ങുകൾ അനുസരിച്ചു നടത്തുന്നതിന് (മറുപുറത്തു കൊടുത്തിട്ടുള്ള) ചില ആക്ഷേപങ്ങൾ ഇ. എഫ്. ബോധിപ്പിച്ചിട്ടുള്ളതിനാലും;

പ്രസ്തുത ആക്ഷേപങ്ങളുടെ കാര്യത്തിൽ വിവാഹ ഉദ്യോഗസ്ഥൻ തന്റെ ഓഫീസിൽ വച്ച്.......................................ാം ആണ്ട്.............................. മാസം..............................തീയതിയിൽ ഒരു അന്വേഷണം നടത്തുന്നതിനാലും;

താങ്കൾ പ്രസ്തുത ദിവസം താങ്കൾ ആശ്രയിക്കുന്നതായ എല്ലാ രേഖകളും താങ്കൾക്കു വേണ്ടി താങ്കൾ വിസ്തരിക്കുവാൻ ആഗ്രഹിക്കുന്ന സാക്ഷി/സാക്ഷികളും സഹിതം ഉച്ചയ്ക്കു മുമ്പ്/ഉച്ചയ്ക്കുശേഷം.................................................... മണിക്ക് ഹാജരാക്കുവാൻ ഇതിനാൽ ആവശ്യപ്പെട്ടുകൊള്ളുന്നു.

മേൽപറഞ്ഞ ദിവസം ഹാജരാകുന്നതിൽ താങ്കൾ വീഴ്ച വരുത്തുന്നപക്ഷം താങ്കളുടെ അസാന്നിദ്ധ്യത്തിൽ അന്വേഷണം നടത്തുകയും തീർപ്പ്കല്പിക്കുകയും ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്റെ കൈയൊപ്പും മുദ്രയും വച്ചു നൽകുന്നത്.

ഒപ്പ്

സ്ഥലം:........................................

വിവാഹ ഉദ്യോഗസ്ഥൻ

തീയതി:........................................

(ആക്ഷേപങ്ങൾ നോട്ടീസിന്റെ മറുപുറത്തു രേഖപ്പെടുത്തുക)

(മുദ്ര)

## ഫാറം II

*[10-ാം ചട്ടം നോക്കുക]*

## വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

ഇ. എഫ്. എന്ന ഞാൻ, എ. ബി. -യും സി. ഡി. -യും 1969 -ലെ വിദേശവിവാഹ ആക്റ്റിന്റെ (1969 -ലെ 33) 17 -ാം വകുപ്പിൻ കീഴിൽ * തന്റെ വിവാഹം/തങ്ങളുടെ വിവാഹം രജിസ്റ്റർ ചെയ്യാനുള്ള ആഗ്രഹം എന്നെ എഴുതി അറിയിച്ചതായും പ്രസ്തുത വിവാഹത്തിലെ കക്ഷികളിൽ ഓരോരുത്തരും, എന്റെ സാന്നിദ്ധ്യത്തിലും ഇതിനു ചുവടെ ഒപ്പുവച്ചിട്ടുള്ള മൂന്നു സാക്ഷികളുടെ സാന്നിദ്ധ്യത്തിലും, തങ്ങൾ തമ്മിലുള്ള വിവാഹചടങ്ങ് നടത്തിയതായും വിവാഹസമയം മുതൽ അവർ ഭാര്യാഭർത്താക്കന്മാരായി ഒരുമിച്ചു കഴിഞ്ഞുവരുന്നതായും പ്രഖ്യാപിച്ചിട്ടുള്ളതായും പ്രസ്തുതവിവാഹം ഈ ആക്റ്റിൻ കീഴിൽ ......................ാം ആണ്ട് ............................ മാസം.................................................. തീയതിയായ ഇന്നേ ദിവസം രജിസ്റ്റർ ചെയ്തിരിക്കുന്നതായും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

(ഇ. എഫ്.)

.................................(സ്ഥലം) വിവാഹ ഉദ്യോഗസ്ഥൻ

(ഒപ്പ്)............................... എ. ബി. - ഭർത്താവ്

(ഒപ്പ്)............................... സി. ഡി. - ഭാര്യ

(ഒപ്പ്)............................... ജി. എച്ച്. ]
(ഒപ്പ്) ............................... ഐ. ജെ. ] മൂന്നു സാക്ഷികൾ
(ഒപ്പ്) ............................... കെ. എൽ. ]

..............................ാം ആണ്ട് ........................ മാസം ........................ തീയതി.

* ബാധകമല്ലാത്തതു വെട്ടിക്കളയുക.

## ഫാറം III

*[13-ാം ചട്ടം നോക്കുക]*

## സർട്ടിഫിക്കറ്റിന്റെ മാതൃക

ഈ ഓഫീസിലെ വിവാഹ സർട്ടിഫിക്കറ്റു ബുക്കിൽ നിന്നുള്ള ............................... ക്രമനമ്പരുകളുള്ള ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ ഞാൻ സൂക്ഷിക്കുന്ന വിവാഹ സർട്ടിഫിക്കറ്റു ബുക്കിലുള്ള ഉൾക്കുറിപ്പുകളുടെയും തിരുത്തലുകളുടെയും ശരിപ്പകർപ്പാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:.................................. ഒപ്പ്

തീയതി:.................................. വിവാഹ ഉദ്യോഗസ്ഥൻ